# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാമങ്കരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 10-1275 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമങ്കരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 10-1275 /2023 തീയ്യതി: 07/12/2023

## ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 03-10-2023 | 11-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-10-2023 | 11-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജാകലിൻ പി ഡബ്ല്യൂ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആർ.രാജേന്ദ്രകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സിന്ധു ആർ ദാസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 28-04-2022 |

| | | | |
|---|---|---|---|
| ശ്രീ.വി.എം സജി | സെക്രട്ടറി | 29-04-2022 | 27-11-2022 |
| ശ്രീ.ജെനി മോൻ എസ് | സെക്രട്ടറി | 28-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിബിൻ.വി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി..അമൃത ലക്ഷ്മി | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു.ഇ.ആർ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലില്ലിക്കുട്ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.പ്രസീത വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( രാമങ്കരി സർക്കിൾ) | 01-04-2022 | 31-03-2023 |
| ഡോ.വിനോദ് | മെഡിക്കൽ ഓഫീസർ , എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ശ്രീമതി.സിന്ധു ആർ ദാസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 20-10-2022 |
| ശ്രീ.കുഞ്ഞുമോൻ എ | അസിസ്റ്റന്റ് സെക്രട്ടറി | 21-10-2022 | 31-03-2023 |
| ശ്രീമതി.മോളിക്കുട്ടി | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സിനി.എസ്.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.ജീവൻ കുമാർ.എസ് | മെഡിക്കൽ ഓഫീസർ ,ആയുർവേദം, | 01-04-2022 | 30-05-2022 |
| ഡോ.ആര്യാ കൃഷ്ണൻ | മെഡിക്കൽ ഓഫീസർ ,ആയുർവേദം, | 31-05-2022 | 20-06-2022 |
| ഡോ.ജീവൻ കുമാർ.എസ് | മെഡിക്കൽ ഓഫീസർ ,ആയുർവേദം, | 21-06-2022 | 04-07-2022 |
| ഡോ.ജിസ് മേരി എ പി | മെഡിക്കൽ ഓഫീസർ ,ആയുർവേദം, | 05-07-2022 | 02-08-2022 |
| ഡോ.ദീപ എസ് | മെഡിക്കൽ ഓഫീസർ ,ആയുർവേദം, | 03-08-2022 | 31-03-2023 |
| ശ്രീ.അനിൽകുമാർ.ബി | കൃഷി ഓഫീസർ | 01-04-2022 | 25-10-2022 |
| ശ്രീമതി.അശ്വനി കെ എസ് | കൃഷി ഓഫീസർ | 26-10-2022 | 09-01-2023 |
| ശ്രീ..രവി ശങ്കർ ആർ | കൃഷി അസിസ്റ്റന്റ് | 10-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ഹെഡ് മാറി പോസ്റ്റ് ചെയ്തു | 1-1-5 |
| 7 | അക്കൌണ്ടിൽ വ്യത്യാസം നിലനിൽക്കുന്നു | 1-1-6 |
| 8 | നിക്ഷേപ പ്രവൃത്തിക്ക് ഡിപ്പോസിറ്റ് ചെയ്ത തുക -അപാകത | 1-1-7 |
| 9 | കോൺട്രാക്ടേഴ്സ് റീടെൻഷൻ തുക - പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | അഡ്വാൻസ് തുക - പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ഫെസ്റ്റിവൽ അഡ്വാൻസ് - നീക്കിയിരുപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടില്ല | 1-1-10 |
| 12 | വാർഷിക കണക്ക് - എയിംസിലും ഐ.എൽ.ജി.എം.എസിലും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ബജറ്റ്- അവലോകനം | 1-2-1 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപദ്ധതികൾ | 1-7 |
| 20 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 23 | ഓഡിറ്റ് ഇംപാക്ട് - തൊഴിൽ നികുതി 3080/- രൂപ തിരിക ഒടുക്കി | 1-11 |
| 24 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 1-12 |
| 25 | കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു- | 1-13 |
| 26 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 27 | വസ്തു നികുതി അപാകതകൾ | 1-15 |
| 28 | സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല | 1-16 |
| 29 | ഹരിതകർമ്മസേന അനുബന്ധ പ്രവർത്തനങ്ങൾ - രേഖകൾ പൂർണ്ണമല്ല | 1-17 |

| | | |
|---|---|---|
| 30 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് - പൂർണ്ണമായും ലഭ്യമായില്ല | 1-18 |
| 31 | വെട്ടിമാറ്റിയ മരങ്ങളുടെ ലേലം നടന്നില്ല | 1-19 |
| 32 | തെരുവ് വിളക്ക് വാങ്ങൽ -കുറഞ്ഞ ടെൻഡർ പരിഗണിച്ചില്ല | 1-20 |
| 33 | വാട്ടർ ചാർജ്ജ് തുക ക്രമീകരിക്കേണ്ടതാണ് | 1-21 |
| 34 | ഭവന നിർമ്മാണം - പ്രവൃത്തി ആരംഭിച്ചില്ല | 1-22 |
| 35 | സ്കൂളുകളിലെ പ്രവർത്തിക്കാത്ത ടാപ്പുകളുടെ വെള്ളക്കരം അടവ് - അപാകതകൾ | 1-23 |
| 36 | കുടുംബശ്രീ യൂണിറ്റിന് റിവോൾവിംഗ് ഫണ്ട് - അപാകതകൾ | 1-24 |
| 37 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-25 |
| 38 | പെൻഷൻ സസ്പെൻഡ് ചെയ്തിട്ടും വിതരണം ചെയ്യാത്ത തുകകൾ ബാങ്കിലും/സൊസൈറ്റിയിലും അവശേഷിക്കുന്നു | 1-26 |
| 39 | മെൻസ്ട്രൽ കപ്പ് വിതരണം പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 40 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കോമ്പൻസേഷൻ ഈടാക്കിയില്ല | 1-28 |
| 41 | പാണ്ടിപ്പറമ്പ് മുതൽ മാങ്ങായിൽ വരെ റോഡ് മെയിന്റനൻസ്-അപാകതകൾ | 1-29 |
| 42 | കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കിയില്ല | 1-30 |
| ഭാഗം **2** | | |
| 1 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 2-1 |
| ഭാഗം **3** | | |
| 1 | പാണ്ടിപ്പറമ്പ് മുതൽ മാങ്ങായിൽ വരെ റോഡ് മെയിന്റനൻസ്- അപാകതകൾ | 3-1 |
| 2 | കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കിയില്ല | 3-2 |
| 3 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കോമ്പൻസേഷൻ ഈടാക്കിയില്ല | 3-3 |
| 4 | തെരുവ് വിളക്ക് വാങ്ങൽ -കുറഞ്ഞ ടെൻഡർ പരിഗണിച്ചില്ല | 3-4 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-5 |
| 5 | ഓഡിറ്റ് റിക്കവറി | 4-6 |
| 6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2023-ലെ 1(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 19.07.2023 -ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II.കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി രാമങ്കരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. 03/2023-ൽ മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

1-1-5 ഹെഡ് മാറി പോസ്റ്റ് ചെയ്തു

2022-23 വാർഷിക കണക്ക്, ഷെഡ്യൂൾ I-6, Financial Help For Widows Daughters Marriage (160100739)- 60000 രൂപയും Pension For Unmarried Woman Aged Above 50 (160100747)- 233600 രൂപയും ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുകകൾ രണ്ടും ചേർത്ത് ഷെഡ്യൂൾ I-14(D) ൽ, 254200105 ഹെഡിൽ മേൽ ചെലവുകൾ രണ്ടും ചേർത്ത് Pension For Unmarried Woman Aged Above 50 - 293600 രൂപയായി ഉൾപ്പെടുത്തിയിരിക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/11.10.23,ചെലവ് രേഖപ്പെടുത്തുന്ന യഥാർത്ഥ ഹെഡ് മാറി പോയതിനാലാണ് വ്യത്യാസം വന്നതെന്ന് മറുപടി ലഭ്യമാക്കി.

1-1-6 അക്കൌണ്ടിൽ വ്യത്യാസം നിലനിൽക്കുന്നു

ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം, SBI (E Payment) Own Fund അക്കൌണ്ടിൽ (അക്കൌണ്ട് നം. 67047053428), 31.03.23 ലെ നീക്കിയിരുപ്പ് - 2151049.

എന്നാൽ വാർഷിക കണക്ക് ഷെഡ്യൂൾ RP 40(b) പ്രകാരം പ്രസ്തുത അക്കൌണ്ടിലെ നീക്കിയിരുപ്പ് - 2151029.20 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/11.10.23), ആയത് ഐ.എൽ.ജി.എം.എസ്.റിപ്പോർട്ടിൽ വരുന്ന വ്യത്യാസം ആണ്. വിഷയം ഐ.കെ.എം.ന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

1-1-7 നിക്ഷേപ പ്രവൃത്തിക്ക് ഡിപ്പോസിറ്റ് ചെയ്ത തുക -അപാകത

നിക്ഷേപ പ്രവൃത്തിയുടെ വിവരം - കെ.എസ്.ഇ.ബി

മുന്നിരുപ്പ് - 677999 (21-22 AFS ഷെഡ്യൂൾ B18)

2022-23 ൽ ഡെപ്പോസിറ്റ് ചെയ്ത തുക - 93970

ആകെ - 771969

22-23 ഷെഡ്യൂൾ B18 ൽ നീക്കിയിരുപ്പ് - 677999

പ്രവൃത്തിയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. UC ലഭ്യമാവാതെ ചെലവിൽ ഉൾപ്പെടുത്തി 2022-23 ലെ നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/11.10.23),ചെലവ് രേഖപ്പെടുത്തുന്ന യഥാർത്ഥ ഹെഡ് മാറി പോയതിനാലാണ് വ്യത്യാസം വന്നതെന്ന് മറുപടി ലഭ്യമാക്കി.

1-1-8 കോൺട്രാക്ടേഴ്സ് റീടെൻഷൻ തുക - പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് വിവരം - Contractors Retention

മുന്നിരുപ്പ് - 3750 (21-22 AFS ഷെഡ്യൂൾ B7)

22-23 ൽ വരവ് തുക – 16881(രജിസ്റ്റർ പ്രകാരം)

22-23 ൽ നീക്കിയിരുപ്പ് - 20631 ( 22-23 AFS ഷെഡ്യൂൾ B7)

എന്നാൽ വരവ് തുക 22-23 AFS ഷെഡ്യൂൾ RP33ൽ 14346 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വരവ് തുക രേഖപ്പെടുത്തിയതിൽ വ്യത്യാസം നിലനിൽക്കുന്നു.

1-1-9 അഡ്വാൻസ് തുക - പൊരുത്തപ്പെടുന്നില്ല

Advance To Others രജിസ്റ്റർ പ്രകാരം നീക്കിയിരുപ്പ് - 51285

2022-23 ൽ നീക്കിയിരുപ്പ് - 51255 (22-23 AFS ഷെഡ്യൂൾ B18)

30 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/11.10.23), അഡ്വാൻസ് തുക Journal ചെയ്ത് പൊരുത്തപ്പെടുത്തുന്നതിൽ വന്ന വ്യത്യാസമാണ്. ആയത് കാലികമാക്കുന്ന താണെന്ന് മറുപടി ലഭ്യമാക്കി.

1-1-10 ഫെസ്റ്റിവൽ അഡ്വാൻസ് - നീക്കിയിരുപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടില്ല

Festival Advance രജിസ്റ്റർ പ്രകാരം നീക്കിയിരുപ്പ് - 2000

എന്നാൽ പ്രസ്തുത നീക്കിയിരുപ്പ് 22-23 AFS ഷെഡ്യൂൾ B18 ൽ ഉൾപ്പെട്ട് വന്നിട്ടില്ല.
വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/11.10.23) വാർഷിക കണക്കിലുള്ള വ്യത്യാസം അടുത്ത സാമ്പത്തിക വർഷം പൊരുത്തപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

1-1-11 വാർഷിക കണക്ക് - എയിംസിലും ഐ.എൽ.ജി.എം.എസിലും പൊരുത്തപ്പെടുന്നില്ല

സ്ഥാപനം എയിംസ് മുഖാന്തിരം സമർപ്പിച്ച വാർഷിക കണക്കും ഐ.എൽ.ജി.എം.എസിലുള്ള വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 30.03.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 09.2.23ലെ 16(1) നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 12,47,58,200 | 12,50,55,341 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 10,30,44,707 | 10,51,43,644 |

1-2-1 ബജറ്റ്- അവലോകനം

2022-23 വർഷത്തെ ബജറ്റ് 30.3.2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 09.02.2023 ലെ 16/1-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നിശ്ചിത മാതൃകയിലല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്

ബജറ്റ് മാനുവലിൽ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിലല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് മാനുവൽ പട്ടിക 3-1 ൽ നൽകിയിട്ടുള്ള മാതൃകയിൽ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

2. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ്

എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനവും നടത്തിയതായി രേഖപ്പെടുത്തലില്ല.

3.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2022-23 ലെ ബജറ്റ് 2022 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4. പെർഫോമൻസ് ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാനവൽ ചട്ടം 3.1.4 പ്രകാരം പട്ടിക 3-1 അനുസരിച്ച് തയ്യാറാക്കുന്ന ബജറ്റ് പ്രവർത്തനാധിഷ്ഠിതമായിരിക്കേണ്ടതാണ്. ആയതിന് പട്ടിക 3-2 ൽ നൽകിയിട്ടുള്ള മാതൃകയിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

5. ജന്റർ ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാനവൽ ചട്ടം 3.1.5 പ്രകാരം ജന്റർ ബജറ്റ് തയ്യാറാക്കി ബജറ്റ് ലിംഗാധിഷ്ഠിതമായി വീക്ഷിക്കേണ്ടതാണ്. ആയതിന് പട്ടിക 3-3 ൽ നൽകിയിട്ടുള്ള മാതൃകയിൽ ജന്റർ ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ നിശ്ചിത മാതൃകയിൽ ജന്റർ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

6. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1. | 2102002 | മറ്റ് ബത്തകൾ | 200,000 | 330372 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2102003 | ജനപ്രതിനിധികളുടെ ഓണറേറിയം | 1410000 | 1432140 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2102004 | സിറ്റിംഗ് ഫീസ് | 75,000 | 100300 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2103001 | പെൻഷൻ കോൺട്രിബ്യൂഷൻ | 660000 | 786483 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 5 | 2103002 | അവധി ശമ്പളം | 00 | 48774 | വകയിരുത്തലില്ലാതെ ചെലവഴിച്ച |
| 6 | 2201001 | വാടക | 10000 | 20250 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 7 | 2201101 | ഓഫീസ് ചെലവുകൾ | 110,000 | 149291 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

| | | | | | |
|---|---|---|---|---|---|
| 8 | 2201201 | വാർത്താ വിനിമയ ചെലവുകൾ | 80000 | 136132 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 9 | 2301002 | പെട്രോൾ, ഡീസൽ, ലൂബ്രിക്കന്റ് | 00 | 11500 | വകയിരുത്തലില്ലാതെ ചെലവഴിച്ച |
| 10 | 2301101 | വാട്ടർ ചാർജ്ജ് | 250000 | 387665 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 11 | 2305009 | സംരക്ഷണവും അറ്റകുറ്റപ്പണികളും ജംഗമ ആസ്തികൾ | 00 | 4500 | വകയിരുത്തലില്ലാതെ ചെലവഴിച്ച |

മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/09.10.23) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് മാനുവൽ ചട്ടം 3.1.4, 3.1.5 എന്നിവ അനുശാസിക്കും വിധം പെർഫോമൻസ് ബജറ്റ്, ജന്റർ ബജറ്റ് എന്നിവ പാസ്സാക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9602113 |
| വരവ് | 21501717 |
| ആകെ | 31103830 |
| ചെലവ് | 20342831 |
| നീക്കിയിരിപ്പ് | 10760999 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | സോഴ്സ് ഡിഡക്ഷൻ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 0 | 11651569 | 901031 | 12552600 | 11656315 | 896285 (ലാപ്സ്ഡ്) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3838685 | 200315 | 4039000 | 3909424 | 129576 (ലാപ്സ്ഡ്) |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 4394000 | 0 | 4394000 | 4394000 | 0 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 4570000 | 0 | 4570000 | 3578294 | 991706 (ലാപ്സ്ഡ്) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്(ബാങ്ക്) | 2797000 | 2897000 | 0 | 5694000 | 2081650 | 3612350 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്(ട്രഷറി) | 0 | 1230862 | 0 | 1230862 | 0 | 1230862 (ലാപ്സ്ഡ്) |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ്(ബാങ്ക്) | 1894793 | 1997093 | 0 | 3891886 | 2108549 | 1783337 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ്(ട്രഷറി) | 0 | 536712 | 0 | 536712 | 0 | 536712 (ലാപ്സ്ഡ്) |

ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ടൈഡ്, അൺടൈഡ് (ട്രഷറി, ബാങ്ക്) എന്നിവയുടെ ACR പ്രകാരമുള്ള വരവ്, ചെലവ്, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 152 | 43139282 | 90 | 32139837 | 33 | 29 | 59.21 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 478 | 456621 | 457099 | 456609 | 490 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 35984757 | 35984757 | 35984757 | 0 |
| ആകെ | 478 | 36441378 | 36441856 | 36441366 | 490 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 15240 | 17 |
| കർഷക തൊഴിലാളി പെൻഷൻ | 9453800 | 6850 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 4361900 | 3141 |
| വാർദ്ധക്യകാല പെൻഷൻ | 9654200 | 7287 |
| വികലാംഗ പെൻഷൻ | 1649600 | 1182 |
| അവിവാഹിത പെൻഷൻ | 233600 | 175 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60000 | 2 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.10.2023 തീയതിയിൽ 3 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6066/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

3. വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ, മരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനീയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
6. നിക്ഷേപ പ്രവൃത്തിയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാവാതെ നിക്ഷേപത്തുക ചെലവിൽ ഉൾപ്പെടുത്തി 2022-23 ലെ നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഖണ്ഡിക 1-1-7 കാണുക.
7. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കുകയും ബജറ്റിൽ വകയിരുത്തലില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കുകയും ചെയ്യുന്നു. വിശദവിവരങ്ങൾക്ക് ഖണ്ഡിക 1-2-1 കാണുക.

1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സാധിക്കൂ. ഇതിനായി നികുതി, ഫീസ്, വാടക തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ (ട്രഷറി/ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ

പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽചേർത്തവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ആര്യാട് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം (₹)A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം (₹)B-A |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 2900000 | 2062342 | -837658 |
| തൊഴിൽ നികുതി (തൻവർഷം) | 1250000 | 992140 | -257860 |
| വാടക വരവ് | 525000 | 432600 | -92400 |
| ഫീ & യൂസർ ചാർജ് | 366000 | 672884 | 306884 |
| സെയിൽ & ഹയർ ചാർജസ് | 144000 | 75340 | -68660 |
| നിക്ഷേപങ്ങളിൽ നിന്നുള്ള വരവ് | 125000 | 97444 | -27556 |
| പലിശ ലഭിച്ചത് | 100000 | 27785 | -72215 |
| മറ്റു വരവുകൾ | 410000 | 128562 | -281438 |
| ആകെ | 5820000 | 4489097 | -1330903 |

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന

മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല.

2022-23 ലെ വസ്തു നികുതി പിരിക്കുന്നതിനായി കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം നടത്തുകയും വാർഡുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മറ്റ് പ്രചാരണമാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തതിന്റെ ഫലമായി 100% നികുതി ലഭിച്ചിട്ടുണ്ട്.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെങ്കിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 2.08.2023-ലെ 2(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

ഫീൽഡ് പരിശോധന പൂർത്തിയാക്കാതെ പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള നികുതി മാത്രമാണ് നിലവിൽ ഈടാക്കി തുടങ്ങാൻ പോകുന്നത്. കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്.

ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടില്ല.

പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സേവന ഉപനികുതിയും സർവ്വീസ് ചാർജും ഈടാക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ശുപാർശയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ റേഷൻകട ലൈസൻസികളിൽനിന്നും എല്ലാ വാർഡുകളിലുമുള്ള കള്ള് ഷാപ്പ് ലൈസൻസികളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട പുതിയ കടമുറികളും, കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഉപയോഗശൂന്യമായ വസ്തുക്കളും, പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട

ഫലവൃക്ഷങ്ങളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
2. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർനിർണ്ണയിക്കേണ്ടതാണ്.
3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.
4. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.
5. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 ഓഡിറ്റ് ഇംപാക്റ്റ് - തൊഴിൽ നികുതി 3080/- രൂപ തിരികെ ഒടുക്കി

സ്ഥാപന തൊഴിൽ നികുതി പരിശോധിച്ചതിൽ കൊല്ലമുറി ഗോൾഡ് ലോൺ, ഉരുക്കരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നീ സ്ഥാപനങ്ങളുടെ 2022-23 രണ്ടാം അർദ്ധ വർഷ നികുതി പഞ്ചായത്തിൽ ഒടുക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി നം.7/6.10.23 മുഖേന ശ്രദ്ധയിൽ പ്പെടുത്തിയതിനെത്തുടർന്ന് 9/10/2023 ൽ രസീത് നമ്പർ 1230100867, 1230100861 എന്നിവ പ്രകാരം 1400/-രൂപ വീതം ആകെ 2800/- രൂപ ഒടുക്ക് വരുത്തി. കൂടാതെ കേരള ഗ്രാമീൺ ബാങ്ക്-രാമങ്കരി, ഓഫീസ് അറ്റന്റന്റ് മനോജ് ടി എം കുറവായി ഒടുക്കിയ 250 രൂപയും പിഴ പലിശയും ഉൾപ്പടെ 280 രൂപ 10/10/2023ലെ രസീത് നമ്പർ 1230100874, 1230100875 എന്നിവ പ്രകാരം ഒടുക്ക് വരുത്തി.

## 1-12 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും, റിട്ടേണുകളും പരിശോധിച്ചതിൽ ജീവനക്കാരുടെ തൊഴിൽ നികുതി കണക്കാക്കി ഈടാക്കിയപ്പോൾ കുറവ് വന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു

| സ്ഥാപനം | ജീവനക്കാരുടെ പേര് | അർദ്ധ വർഷം | തസ്തിക | അർദ്ധ വാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| ജി.എൽ.പി. എസ്,വേഴപ്ര | ശ്രീമതി.സുമ | 2 | പി റ്റി സി എം | 83460 | 750 | 600 | 150 |

കൂടാതെ മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനത്തിന്റെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/6.10.2023) നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ സൂചിപ്പിച്ച വിധം സ്ഥാപന തൊഴിൽ നികുതി 2500/- രൂപയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 150/- രൂപയും ഉൾപ്പെടെ ആകെ 2650/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-13 കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു-

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്നത് സംബന്ധിച്ച 2022-23 ലെ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ലൈസൻസിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയോ ലൈസൻസ് ഫീസ് ഒടുക്കുകയോ ചെയ്തിട്ടില്ല. 22.01.2019ലെ സിവിൽസപ്ലൈസ് ഡയറക്ടറുടെ (സി.എസ്)എ9-764/2019 നമ്പർ സർക്കുലറിൽ കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ ലൈസൻസ് ഫീസ് ഒടുക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ 7 റേഷൻ കടകൾ പ്രവർത്തിക്കുന്നതിൽ ഒരെണ്ണം മാത്രമേ ലൈസൻസ് എടുത്തിരുന്നുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (19/10.10.23) അടിസ്ഥാനത്തിൽ 2 റേഷൻ കടകൾ 11.10.23 ൽ (ഓഡിറ്റ് വേളയിൽ) ലൈസൻസ് എടുക്കുകയുണ്ടായി. പഞ്ചായത്ത് 25.11.2022 ൽ എല്ലാ റേഷൻ കടകൾക്കും നോട്ടീസ് നൽകിയിരുന്നതായും ലൈസൻസ് എടുക്കാൻ അവശേഷിക്കുന്ന ബാക്കി 4 റേഷൻ കടകളുടെ ലൈസൻസ് എടുപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാമെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കുകയും ഇത്തരം വരുമാന നഷ്ടം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ഒരു സ്ഥാപനവും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2022-23 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരുടെ പേര് |
|---|---|
| 1 | സാലിച്ചൻ എം എ |
| 2 | ശ്രീനാഥ് പി വി |
| 3 | അജേഷ് പി വി |
| 4 | കെ എക്സ് വർഗീസ് |
| 5 | അനിരുദ്ധൻ എസ് |
| 6 | ബോബിച്ചൻ എം |
| 7 | ശ്യാംലാൽ. എം |
| 8 | കെ കെ വർക്കി |
| 9 | ജോജി ജോസഫ് |

അപാകത പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 7/6.10.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

1-15 വസ്തു നികുതി അപാകതകൾ

പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിരിക്കുന്ന താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളെ നികുതി, ഉപ നികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി ഒഴിവാക്കിയിരിക്കുന്നു.

| കെട്ടിടയുടമയുടെ പേര്, മേൽവിലാസം | വാർഡ്/കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം(ച.മി) |
|---|---|---|
| എസ് എൻ ഡി പി ബ്രാഞ്ച് ഓഫീസ് | 4/241 | 72 |
| വിവാഹ സദ്യാലയം, ക്ഷേത്രം വക | 8/232 | 300 |
| മനോജ് ചെല്ലപ്പൻ | 5/170 | 105 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/ 09.10.2023) മറുപടിയായി വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫിൽഡ് പരിശോധനയ്ക്ക് ശേഷം ടാക്സ് ഈടാക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് അറിയിച്ചു. ആയതിനാൽ, ഫാറം 6 ൽ ആവശ്യമായ മാറ്റം വരുത്തി മേൽ രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ നികുതി, കുടിശിക സഹിതം തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല

ഡയറി ഫാം ഇൻസ്പക്ടർ നടപ്പിലാക്കിയ ക്ഷീര കർഷകർക്ക് കറവയന്ത്രം (പ്രോജക്ട് നം.S0046/23) എന്ന പദ്ധതി പ്രകാരം ഫാംസ് ഡയറി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 8 ക്ഷീര കർഷകർക്ക് കറവ യന്ത്രം വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനം സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകിയ 10000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്ക് വരുത്തി പണമാക്കിമാറ്റാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക് എന്നിവ ലഭിക്കുന്ന മുറയ്ക്ക് രസീത് ഇഷ്യൂ ചെയ്യേണ്ടതും അവ യഥാസമയം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതുമാണ്. ഇപ്രകാരം ചെയ്യാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/09.10.23) ഡയറി ഫാം ഇൻസ്പക്ടർ ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ഡിമാന്റ് ഡ്രാഫ്റ്റിന്റെ കാലാവധി കഴിഞ്ഞതിനാൽ ഫാംസ് ഡയറി പ്രൈവറ്റ് ലിമിറ്റഡുമായി ബന്ധപ്പെട്ടപ്പോൾ ഡിമാന്റ് ഡ്രാഫ്റ്റ് റീ വാലിഡേറ്റ് ചെയ്തു നൽകാമെന്ന് ടി സ്ഥാപനം അറിയിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പഞ്ചായത്തിൽ ഒടുക്കാമെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഡിമാന്റ് ഡ്രാഫ്റ്റ് റീ വാലിഡേറ്റ് ചെയ്ത് വാങ്ങേണ്ടതും തനത് ഫണ്ട് അക്കൗണ്ടിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 ഹരിതകർമ്മസേന അനുബന്ധ പ്രവർത്തനങ്ങൾ - രേഖകൾ പൂർണ്ണമല്ല

പ്രോജക്ട് നം. - S0117/23

പ്രോജക്ടിന്റെ പേര് - ഹരിതകർമ്മസേന അനുബന്ധ പ്രവർത്തനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|

| | | |
|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 74900 | 74900 |

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ, ചെലവുകൾ നിർവ്വഹിക്കുക എന്നിവയാണ് ഡി.പി.സി.അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

ഫയൽ പരിശോധിച്ചതിൽ അപാകതകൾ ഉള്ള ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം./ തീയതി | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ വ്യക്തി | വിനിയോഗം | അപാകത |
|---|---|---|---|---|---|
| 1 | 91/25.11.22 | 9000 | ഹരിതകർമ സേന | വാഹന വാടക | ഹരിതകർമസേനയുടെ വാഹനം പ്രവർത്തന യോഗ്യമല്ലാതിരുന്ന സമയത്തെ വാഹന വാടക, ഹരിതകർമ സേനയുടെ അക്കൌണ്ടിൽ നൽകി. വാഹനം ഓടിയ തിന്റെയും, ഡ്രൈവർക്ക് തുക നൽകിയതിന്റെയും രേഖകൾ ഇല്ല. |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/11.10.23) മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ ചെലവ് രേഖകളുടെ അഭാവത്തിൽ 9000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് - പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം. - S 0043/23

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിയ്ക്ക് മരുന്നും മരുന്ന് വിതരണത്തിനുള്ള അനുബന്ധ സാധനങ്ങളും വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, ഹോമിയോ

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട്(റോഡിതരം) - 250000/-

ചെലവ് വിവരം – ബിൽ നം.28/22-23/22.08.22 തുക 250000/-

ഹോമിയോ ആശുപത്രിയ്ക്ക് മരുന്നും മരുന്ന് വിതരണത്തിനുള്ള അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനായി മേൽ ബിൽ പ്രകാരം 250000 രൂപ ഹോംകോയ്ക്ക് നൽകി കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടുണ്ട്. ഹോംകോ 23.06.23 ലെ LF – 358 നമ്പർ ടാക്സ് ഇൻവോയ്സ് പ്രകാരം 125305 രൂപയുടെ മരുന്നും അനുബന്ധ സാധനങ്ങളും മാത്രമാണ് ലഭ്യമാക്കിയത്. മരുന്നിനായി നൽകിയ 250000 രൂപയിൽ ലഭ്യമായ 125305 രൂപയുടെ മരുന്ന് കിഴിച്ച് ബാക്കി ലഭിക്കാനുള്ള 124695 രൂപയുടെ ഔഷധങ്ങളും അനുബന്ധ സാധനങ്ങളും എത്രയും വേഗം ലഭ്യമാക്കണമെന്ന് മെഡിക്കൽ ഓഫീസർ ഹോംകോ മാനേജിംഗ് ഡയറക്ടറോട് 23.09.23 ൽ 104/2023/04D52 നം. കത്ത് പ്രകാരം ആവശ്യപ്പെട്ടു. എന്നാൽ 124695 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/09.10.23) മറുപടി ലഭ്യമാക്കിയില്ല. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വെട്ടിമാറ്റിയ മരങ്ങളുടെ ലേലം നടന്നില്ല

സെക്രട്ടറി നടപ്പാക്കിയ ദുരന്തനിവാരണം എന്ന പദ്ധതിയുടെ ഭാഗമായി വേഴപ്ര സ്കൂളിന്റെ പരിസരത്ത് നിന്നിരുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിന് 44000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫോറസ്റ്റ് കൺസർവേറ്ററുടെ

മൂല്യനിർണ്ണയസാക്ഷ്യപത്രം പ്രകാരം മുറിച്ച് മാറ്റിയ മരങ്ങൾക്ക് ലഭിക്കാവുന്ന വില 26464/- രൂപയാണ്. എന്നാൽ നാളിതുവരെയായിട്ടും ടി മരങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.3/5.10.2023) ലഭ്യമാക്കിയ മറുപടിയിൽ ലേലം നടത്തിയെങ്കിലും ലേലത്തിൽ പങ്കെടുത്ത വ്യക്തി തുക ഒടുക്കാത്തതിനാൽ പുന:ലേലം നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. പുന:ലേലം നടത്തി തുക പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്ക് വാങ്ങൽ -കുറഞ്ഞ ടെൻഡർ പരിഗണിച്ചില്ല

പ്രോജക്ട് - തെരുവ് വിളക്ക് പരിപാലനം

നിർവ്വഹണം – സെക്രട്ടറി

അടങ്കൽ - 500000 /- (ധനകാര്യകമ്മീഷൻ അവാർഡ് )

ചെലവ് - 437544/-, ബിൽ നം. - 41/22-23 /23.01.23

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ 412 തെരുവ് വിളക്കുകൾ അറ്റകുറ്റപണികൾ നടത്തുന്നതിന് ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ആയത് പ്രകാരം ലഭ്യമായ ടെണ്ടറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഹന്ന ഇലക്ട്രിക്കൽസ് | 1130 |
| ബെസ്റ്റ് ആന്റ് സേഫ് ഇലക്ട്രിക്കൽസ് | 960 |
| യുണൈറ്റഡ് എനർജി സിസ്റ്റം | 1099 |

ലഭ്യമായതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ബെസ്റ്റ് ആന്റ് സേഫ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനെ തെരഞ്ഞെടുക്കുന്നതിന് പകരം യുണൈറ്റഡ് എനർജി സിസ്റ്റം എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത്. ടെണ്ടറുകളും, മാറ്റി സ്ഥാപിക്കേണ്ടതായ സാധനങ്ങളുടെ ഗുണനിലവാരവും പ്രൊക്യൂർമെന്റ് കമ്മറ്റി പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് യുണൈറ്റഡ് എനർജി സിസ്റ്റത്തിന്റെ ടെണ്ടർ അംഗീകരിച്ചതെന്ന് 26.11.2022 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്സിൽ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. താരതമ്യേന കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തതും സ്പെസിഫിക്കേഷൻ പ്രകാരവും ഗവ. ഉത്തരവ് അനുശാസിക്കുന്നതുമായ യുണൈറ്റഡ് എനർജി സിസ്റ്റം എന്ന സ്ഥാപനത്തെ പദ്ധതിനിർവ്വഹണത്തിന് ചുമതലപ്പെടുത്താൻ ജനറൽ കമ്മറ്റിയോട് പ്രൊക്യൂർമെന്റ് കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ കെ.എസ്.ഇ.ബി.യിലെ സബ് എഞ്ചിനീയർ പങ്കെടുത്തിട്ടുണ്ട്. എന്നാൽ ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഹാജരാക്കിയ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണനിലവാരം അംഗീകൃത ഏജൻസിയെക്കൊണ്ട് പരിശോധിപ്പിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് അറിയിയ്ക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5/05.10.2023) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർ ഹാജരാക്കിയ സാധനങ്ങളുടെ ഗുണമേന്മ പരിശോധിച്ചതിൽ യുണൈറ്റഡ് എനർജി സിസ്റ്റംസ് ഹാജരാക്കിയ സാധനങ്ങളാണ് മികച്ച ഗുണമേന്മ ഉള്ളതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനം സമർപ്പിച്ച കരാർ അംഗീകരിക്കുന്നതിന് ജനറൽ കമ്മറ്റിയോട് ശുപാർശ ചെയ്തെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മിനിട്സിൽ ഗുണമേന്മ പരിശോധിച്ചത് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ ടെൻഡർ അംഗീകൃത ഏജൻസിയെക്കൊണ്ട് പരിശോധിപ്പിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. കുറഞ്ഞ ടെൻഡർ പരിഗണിക്കാതെ പർച്ചേസ് ഓർഡർ നൽകിയതിനാൽ ഉണ്ടായ നഷ്ടം 42024/- രൂപ 26.11.2022 ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 വാട്ടർ ചാർജ്ജ് തുക ക്രമീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 169 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ എല്ലാ മാസവും 77641/- രൂപയാണ് പഞ്ചായത്ത് അടച്ചു പോരുന്നത്. ഫയൽ പരിശോധിച്ചതിൽ 19.02.2022 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിൽ 08/22 മുതൽ കേരള വാട്ടർ അതോറിറ്റി ടാപ്പുകളുടെ എണ്ണം 240 ആയും, വാട്ടർ ചാർജ്ജ് 110260/- രൂപയായി

സ്വമേധയാ വർദ്ധിപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. സംയുക്ത പരിശോധന നടത്താതെ വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചതിനെതിരെ 19-04-22 ലെ 4(2)-ാം നമ്പർ തീരുമാനം പ്രകാരം പരാതി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർ നടപടി വിവരങ്ങളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഏകപക്ഷീയമായി വർദ്ധനവ് നടത്തിയതിനാൽ പഞ്ചായത്തിന് ധനനഷ്ടം സംഭവിച്ചിട്ടുണ്ട്. 03/23 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 2233107/- രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന പിന്നീട് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, വാട്ടർ ചാർജ്ജ് കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(02/05.10.2023) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടപ്പാക്കിയ സംയുക്ത പരിശോധനയിൽ ബോധ്യപ്പെട്ട 172 എണ്ണം ടാപ്പുകളിൽ പ്രവർത്തനരഹിതമായികിടക്കുന്ന 36 പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. സംയുക്ത പരിശോധനയിൽ ബോധ്യപ്പെട്ട 172 ടാപ്പുകളുടെ എണ്ണത്തിന് ആനുപാതികമായി 2021 ആഗസ്റ്റ് മുതൽ 2023 ജൂലൈ മാസം വരെയുള്ള കാലയളവിലേക്ക് ഡിമാന്റ് ലഭ്യമാക്കുന്നതിനും അതുപ്രകാരം നിലനിർത്തുന്ന 136 പൊതുടാപ്പിന് പുതുക്കിയ നിരക്കിലുള്ള വാട്ടർ ചാർജ്ജ് ലഭ്യമാക്കുന്നതിനും വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പ്രവർത്തനരഹിതമായികിടക്കുന്ന 36 പൊതുടാപ്പുകൾ അടിയന്തിരമായി വിച്ഛേദിക്കുന്നതിനും വാട്ടർ അതോറിറ്റി ഏകപക്ഷീയമായി വാട്ടർ ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചത് മൂലം കുടിശ്ശികയായി ബില്ലിൽ രേഖപ്പെടുത്തി വരുന്ന തുക ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-22 ഭവന നിർമ്മാണം - പ്രവൃത്തി ആരംഭിച്ചില്ല

2022-23 സാമ്പത്തികവർഷം വി.ഇ.ഒ. നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയിട്ട് നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവയുടെ വിവരം താഴെ ചേർക്കുന്നു.

1)പ്രോജക്ട് നമ്പർ – S0068/23

പ്രോജക്ടിന്റെ പേര് – ലൈഫ് ഭവന പദ്ധതി-എസ്.സി.

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 33000 | 33000 |
| വികസനഫണ്ട്(എസ്.സി.പി) | 611043 | 611043 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 200000 | 180000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 300000 | 299240 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 300000 | 0 |
| ആകെ | 1444043 | 1123283 |

ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ നം./തീയതി |
|---|---|---|---|
| 1 | ലീല ഷാജി<br>കോളനി നം.14, മാമ്പുഴക്കരി<br>രാമങ്കരി, വാർഡ് – 6 | 40000 | 209/17.02.23 |

2)പ്രോജക്ട് നമ്പർ – S0058/23 – ലൈഫ് ഭവനപദ്ധതി-ജനറൽ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|

| | | |
|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 1848567 | 1848567 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 200000 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 500000 | 491433 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 400000 | 0 |
| ആകെ | 2948567 | 2540000 |

ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ നം./ തീയതി |
|---|---|---|---|
| 1 | ശകുന്തള<br>പടിഞ്ഞാറെകൊച്ചുപറമ്പിൽ<br>വേഴപ്ര,രാമങ്കരി,വാർഡ്-11 | 40000 | 284/18.03.23 |

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം രേഖാമൂലം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/10.1023), വി.ഇ.ഒ. താഴെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

1)ലീല ഷാജി എന്ന ഗുണഭോക്താവിന്റെ വീട്ടിലേയ്ക്കുള്ള വഴിയിൽ പാലം പണി നടന്നുകൊണ്ടിരുന്നതിനാൽ വീട് പണിയ്ക്കുള്ള സാധന സാമഗ്രികൾ എത്തിയ്ക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടായിരുന്നു. ഇപ്പോൾ പാലം പണി പൂർത്തിയായതിനാൽ വീട് പണിയ്ക്കുള്ള സാധനങ്ങൾ ഇറക്കിവെച്ചിട്ടുണ്ട്. വീട് പണി ഉടൻ തുടങ്ങുമെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്.

2) ശകുന്തള എന്ന ഗുണഭോക്താവ് സാമ്പത്തിക പ്രശ്നം മൂലമാണ് നാളിതുവരെ വീട് പണി ആരംഭിക്കാത്തത്. വീട് പണി ഉടൻ തുടങ്ങുമെന്ന് ഗുണഭോക്താവ് അറിയിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

1-23 സ്കൂളുകളിലെ പ്രവർത്തിക്കാത്ത ടാപ്പുകളുടെ വെള്ളക്കരം അടവ് - അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ – 100000 (മറ്റുള്ളവ)

ചെലവ് വിവരം – ബിൽ നം. 45/22-23/16/02/2023, 92135/-

ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗവ. യു.പി.സ്കൂൾ വേഴപ്ര, ഗവ.എൽ.പി. സ്കൂൾ വേഴപ്ര, ഗവ.എൽ.പി. സ്കൂൾ രാമങ്കരി എന്നീ സ്ഥാപനങ്ങളുടെ വാട്ടർ ചാർജ്ജിനത്തിൽ 92135/- രൂപ ഒടുക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | വാട്ടർ ചാർജ്ജ് |
|---|---|
| ഗവ. യു.പി.സ്കൂൾ വേഴപ്ര | 40717 |
| ഗവ.എൽ.പി.സ്കൂൾ വേഴപ്ര | 38042 |
| ഗവ.എൽ.പി. സ്കൂൾ രാമങ്കരി | 13376 |
| ആകെ | 92135 /- |

മേൽ സൂചിപ്പിച്ച സ്കൂളുകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതും എന്നാൽ നാളുകളായി പ്രവർത്തനരഹിതവുമായിരുന്ന വാട്ടർ ടാപ്പുകളുടെ 9/22 വരെയുള്ള വാട്ടർ ചാർജ്ജാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളത്. എന്നാൽ എന്ന് മുതലുള്ള വാട്ടർ ചാർജ്ജാണ് ഡിമാന്റ് ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തിയിട്ടില്ല. സർചാർജ്ജ്, ഫൈൻ എന്നിവ അദാലത്തിൽ ഒഴിവാക്കി നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്കൂൾ അധികൃതർ അദാലത്തിൽ പങ്കെടുത്തതിന്റെ രേഖകൾ ലഭ്യമല്ല. പ്രസ്തുത ടാപ്പുകളിലൂടെ കുടിവെള്ളം ലഭ്യമല്ലായിരുന്നു എന്നാണ് ലഭ്യമായ വിവരം. എന്നാൽ ഇത് യഥാസമയം വാട്ടർ അതോറിറ്റിയെ അറിയിച്ച് ടാപ്പുകൾ കട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. വാട്ടർ ചാർജ്ജ് ഒടുക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള കാരണം സംബന്ധിച്ചും, പ്രവർത്തനരഹിതമായിരുന്ന ടാപ്പുകൾ കട്ട് ചെയ്യാൻ വാട്ടർ അതോറിറ്റിയെ അറിയിക്കാതിരുന്നത് സംബന്ധിച്ചും

പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.4/05.10.2023) മറുപടി ലഭ്യമാക്കിയില്ല. ഉപയോഗരഹിതമായിരുന്ന വാട്ടർ കണക്ഷനുകൾ യഥാസമയം കട്ട് ചെയ്യാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടാതിരുന്നതിനാലാണ് ഇത്രയും വലിയ തുക വാട്ടർചാർജ്ജിനത്തിൽ ഒടുക്കേണ്ടി വന്നത്. സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ നിരുത്തരവാദപരമായ പ്രവൃത്തി മൂലമാണ് പഞ്ചായത്തിന് ഈ തുക ഒടുക്കാനുള്ള സാഹചര്യം ഉടലെടുത്തത്. ആകയാൽ ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 കുടുംബശ്രീ യൂണിറ്റിന് റിവോൾവിംഗ് ഫണ്ട് - അപാകതകൾ

പ്രോജക്ട് നം., പേര് - S0172/23, കുടുംബശ്രീ യൂണിറ്റിന് റിവോൾവിംഗ് ഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 655000 | 530000 |

കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തലിനായി കുടുംബശ്രീ ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം.

പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകളും, ആയത് പരിശോധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/07.10.23) ലഭിച്ച മറുപടിയും ചുവടെ കൊടുക്കുന്നു.

1)അംഗീകരിച്ച പ്രോജക്ടിലെ C 28, 29 എന്നിവ പ്രകാരം യഥാക്രമം അർഹതാ മാനദണ്ഡം, മുൻഗണനാ മാനദണ്ഡം എന്നിവ പരിഗണിച്ച് കുടുംബശ്രീ ഗ്രൂപ്പുകളെ തെരഞ്ഞെടുത്തതിന്റെ രേഖകൾ ഇല്ല എന്നതിന്, നാളിതുവരെ കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നോ ഗ്രാമ പഞ്ചായത്തിൽ നിന്നോ റിവോൾവിംഗ് ഫണ്ട് നൽകാത്തവരെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് മറുപടി നൽകി.

2)53 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 10000 രൂപ വീതം രേഖപ്പെടുത്തി, സി.ഡി.എസ് മെമ്പർ സെക്രട്ടറി, ചെയർമാൻ എന്നിവർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സി.ഡി.എസിന്റെ കേരള ഗ്രാമീൺ ബാങ്ക്, രാമങ്കരി ബ്രാഞ്ചിലെ 40644101053045 നം.അക്കൌണ്ടിൽ 01.02.23 ൽ 530000 രൂപ നൽകി (ബിൽ നം.9/22-23 /31.01.23). 31.03.23 ൽ 470000 രൂപ പിൻവലിച്ചു. ആയത് ചെക്ക് നം.020423/31.03.23 പ്രകാരം ചുവടെ ചേർത്തിട്ടുള്ള വിധം 47 ഗ്രൂപ്പുകൾക്ക് നൽകുന്നതിന് ബന്ധപ്പെട്ട ബാങ്കുകൾക്ക് സി.ഡി.എസ് മെമ്പർ സെക്രട്ടറി, ചെയർമാൻ എന്നിവർ കത്ത് നൽകി.

| ബാങ്ക് | തുക | ഗ്രൂപ്പുകളുടെ എണ്ണം |
|---|---|---|
| കേരള ഗ്രാമീൺ ബാങ്ക്, രാമങ്കരി | 410000 | 41 |
| സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, രാമങ്കരി | 30000 | 3 |
| സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഊരുക്കരി | 30000 | 3 |
| ആകെ | 470000 | 47 |

53 ഗ്രൂപ്പുകൾക്ക് നൽകുന്നതിനായി നൽകിയ 530000 രൂപയിൽ നിന്നും 47 ഗ്രൂപ്പുകൾക്കായി 470000 രൂപ മാത്രമാണ് ചെലവഴിച്ചത്. 6 ഗ്രൂപ്പുകൾക്കുള്ള 60000 രൂപ നൽകിയിട്ടില്ല എന്നതിന്, 6 ഗ്രൂപ്പുകളുടെ ഓഡിറ്റ് പൂർത്തിയാകാത്തതിനാലാണ് അവയ്ക്ക് ഫണ്ട് നൽകാതിരുന്നത്. ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ഫണ്ട് കൈമാറുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

3)സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.22), 7.9.1.(i) പ്രകാരം കുടുംബശ്രീ തൊഴിൽ ഗ്രൂപ്പുകൾക്ക് വ്യക്തമായ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. ഗ്രൂപ്പുകൾ തിരികെ നൽകുന്ന ഫണ്ട് മറ്റ് ഗ്രൂപ്പുകൾക്ക്

റിവോൾവിംഗ് ഫണ്ടായി നൽകണം. എന്നാൽ ഗ്രൂപ്പുകൾക്ക് നൽകിയ തുക തിരികെ ലഭിച്ചതിന്റെ വിവരമോ, പ്രസ്തുത തുക മറ്റ് ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ടായി നൽകിയതിന്റെ വിവരമോ ഫയലിൽ ഇല്ല. കൂടാതെ ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾ തുക തിരികെ ഒടുക്കുന്നത് നിരീക്ഷിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നതിന്, ഗ്രൂപ്പുകൾ തുക നാളിതുവരെ തിരികെ നൽകിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ശ്രദ്ധിച്ചുകൊള്ളാം എന്ന് മറുപടി നൽകി.

തുക കൈപ്പറ്റിയ അർത്ഥന കുടുംബശ്രീ 10000 രൂപ 09.05.23 ൽ രശീതി നം. 20 പ്രകാരം തിരികെ അടവാക്കിയിട്ടുള്ളതും ആയത് അന്ന് തന്നെ സി.ഡി.എസിന്റെ അക്കൌണ്ടിലേക്ക് (40644101053045 നം.അക്കൌണ്ട്) ഒടുക്ക് വരുത്തിയിട്ടുള്ളതുമാണ്.

പദ്ധതി നിർവ്വഹണം ലക്ഷ്യപ്രാപ്തി കൈവരിക്കാത്ത സാഹചര്യത്തിൽ സി.ഡി.എസിന്റെ അക്കൌണ്ടിൽ നൽകിയ 530000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ 1, 2, 5, 7, 12, 13 എന്നീ വാർഡുകളിലെ പോസ്റ്റുമാറ്റി സ്ഥാപിക്കുന്നതിനായി 93970/- രൂപ കെ.എസ്.ഇ.ബി.ക്ക് നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (03/05.10.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 93970/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. – S0072/23

അടങ്കൽ - 93970/- (വികസനഫണ്ട്)

നിർവ്വഹണം – സെക്രട്ടറി

ചെലവ് വിവരം - ബിൽ നം. 60/22-23/30.03.2023, 76757/-

- 44/22-23/13.02.2023, 17213/-

## 1-26 പെൻഷൻ സസ്പെൻഡ് ചെയ്തിട്ടും വിതരണം ചെയ്യാത്ത തുകകൾ ബാങ്കിലും/സൊസൈറ്റിയിലും അവശേഷിക്കുന്നു

സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ള പെൻഷൻ വിതരണ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സസ്പെന്റ് ചെയ്യപ്പെടുന്നതുവരെയുള്ള കാലയളവിൽ തുക സൊസൈറ്റിയ്ക്ക് കൈമാറിയിട്ടുള്ളതായും ടി തുക ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/മേൽവിലാസം | പെൻഷൻ തരം /ഐ.ഡി | പെൻഷൻ സസ്പെൻഡ് ചെയ്ത തീയതി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കുര്യാക്കോസ് ഫ്രാൻസിസ് | വാർദ്ധക്യകാല പെൻഷൻ 104630200076 | 13.1.22 | 9/2021 മുതൽ 12/2021 വരെ 6400/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 2 | ശാരദ ജനാർദ്ധനൻ | വാർദ്ധക്യകാല പെൻഷൻ 104630200084 | 18.7.22 | 5/2022 മുതൽ 6/2022 വരെ 3200/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 3 | നാരായണൻ | വാർദ്ധക്യകാല പെൻഷൻ | 13.1.22 | 10/2021 മുതൽ 12/2022 വരെ | സൊസൈറ്റിയ്ക്ക് കൈമാറി |

| | | | | | |
|---|---|---|---|---|---|
| | | 104630200820 | | 1800/-രൂപ | |
| 4 | ഉത്തമൻ പിള്ള | വാർദ്ധക്യകാല പെൻഷൻ 104630200120 | 18.7.22 | 11/2021 മുതൽ 6/2022 വരെ 12800/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 5 | സോമൻ വി ആർ | വാർദ്ധക്യകാല പെൻഷൻ 104630200507 | 18.7.22 | 5/2021 മുതൽ 6/2022 വരെ 22400/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 6 | ജോണിക്കുട്ടി എം | വാർദ്ധക്യകാല പെൻഷൻ 104630200241 | 17.10.22 | 7/2022 മുതൽ 9/2022 വരെ 4800/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 7 | സോമൻ | വാർദ്ധക്യകാല പെൻഷൻ 104630200651 | 20.12.22 | 9/2022 മുതൽ 11/2022 വരെ 4800/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 8 | പ്രസന്നൻ പി എം | വാർദ്ധക്യകാല പെൻഷൻ 104630201161 | 17.6.22 | 5/2022 1600/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 9 | ബേബി പി ജെ | വാർദ്ധക്യകാല പെൻഷൻ 104630200525 | 17.10.22 | 8/2022 മുതൽ 9/2022 വരെ 3200/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 10 | നടരാജൻ കൃഷ്ണൻ | വാർദ്ധക്യകാല പെൻഷൻ 104630201021 | 18.5.22 | 3/2022 മുതൽ 4/2022 വരെ 3200/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 11 | നളിനാക്ഷിയമ്മ | വാർദ്ധക്യകാല പെൻഷൻ 104630200611 | 17.10.22 | 7/2022 മുതൽ 9/2022 വരെ 4800/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 12 | വർഗ്ഗീസ് ദേവസ്യ | വാർദ്ധക്യകാല പെൻഷൻ 104630200062 | 18.7.22 | 5/2021 മുതൽ 6/2022 വരെ 22400/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 13 | ശോശാമ്മ | വാർദ്ധക്യകാല പെൻഷൻ 104630200578 | 15.2.22 | 12/2021,12/2022 3200/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 14 | രുഗ്മിണി കൊച്ചുകുട്ടൻ | വാർദ്ധക്യകാല പെൻഷൻ 104630200818 | 17.10.22 | 8/2022 മുതൽ 9/2022 വരെ 3200/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |
| 15 | കൃഷ്ണൻകുട്ടി കെ സി | വാർദ്ധക്യകാല പെൻഷൻ 104630200719 | 18.7.22 | 11/2021 മുതൽ 6/2022 വരെ 12800/-രൂപ | സൊസൈറ്റിയ്ക്ക് കൈമാറി |

പ്രസ്തുത കാലയളവിൽ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിച്ചിട്ടില്ലാത്തതും എന്നാൽ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതുമായ തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിവരങ്ങൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/11.10.23) മറുപടിയായി വിതരണം നടത്താത്ത തുക തിരികെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം, ഹെഡ് ഓഫീസ് ബ്രാഞ്ചിലെ നമ്പർ 110110801000251 (ഐ.എഫ്.എസ്.സി കോഡ്-KSBK0000101) എന്ന അക്കൌണ്ടിലേക്ക് അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുള്ളതായും

ബാങ്കിൽ നിന്നും തിരികെ സർക്കാരിലേക്ക് അടവാക്കിയിട്ടുള്ളതായി അറിയിച്ചു. ആയത് രേഖാമൂലം റിപ്പോർട്ട് ആയി നൽകുന്നതിന് സൊസൈറ്റിയ്ക്ക് കത്ത് നൽകിയിട്ടുള്ളതായും മറുപടിയിൽ അറിയിച്ചു. വിതരണം ചെയ്യപ്പെടാത്ത തുക തിരികെ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

1-27 മെൻസ്ട്രൽ കപ്പ് വിതരണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (പി എച്ച് സി)

അടങ്കൽ – 500000/- (വികസനഫണ്ട്)

ചെലവ് – 499968/-

ചെലവ് വിവരം –499968 /- (ബി ആർ നം.22060452021301516027/28.03.2023 )

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മെൻസ്ട്രൽ കപ്പ് വിതരണം പദ്ധതിയുടെ ഭാഗമായി 2232 മെൻസ്ട്രൽ കപ്പുകൾ നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| എണ്ണം | തരം | നിരക്ക് | തുക |
|---|---|---|---|
| 732 | Small | 224 | 163968 |
| 1500 | Medium | 224 | 336000 |
| | | ആകെ | 499968 |

മെൻസ്ട്രൽ കപ്പ് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/5.10.2023) ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ 919 മെൻസ്ട്രൽ കപ്പുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 1313 കപ്പുകൾ വിതരണം ചെയ്തിട്ടില്ലെന്നും അവശേഷിക്കുന്ന മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും വിതരണം പൂർത്തിയാക്കാൻ കഴിയാത്തത് വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആവശ്യകതാ നിർണ്ണയം നടത്തിയതിന് ശേഷം മാത്രമായിരുന്നു പ്രോജക്റ്റ് നടപ്പാക്കേണ്ടത്. പ്രസ്തുത സാഹചര്യത്തിൽ വിതരണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി വിതരണം ചെയ്യാൻ ബാക്കിനിൽക്കുന്ന 1313 മെൻസ്ട്രൽ കപ്പുകളുടെ വിലയായ 294112/- രൂപ (1313x224) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കോമ്പൻസേഷൻ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ, കരാർ പ്രകാരമുള്ള

സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിരുന്നില്ല. കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ, 2012 ലെ പൊതുമരാമത്ത് മാനവൽ സെക്ഷൻ 2116-1 ൽ അനുശാസിക്കുന്ന വിധം കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% നിരക്കിൽ ലിക്വിഡിറ്റി ഡാമേജ് (കോമ്പൻസേഷൻ) ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം കോമ്പൻസേഷൻ കുറവു ചെയ്യാതെയാണ് ഫൈനൽ ബിൽ തുക നല്കിയത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ചു നൽകുകയോ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | കരാറുകാരൻ/ പി.എ.സി | എഗ്രിമെന്റ് തിയതി കാലയളവ് | എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട തിയതി | പൂർത്തിയാക്കിയ തിയതി | കാല താമസം | ഈടാക്കേണ്ട ഫൈൻ (@0.1% /ആഴ്ച) | കുറവ് | ബിൽ/ വൗച്ചർ നമ്പർ |
|---|---|---|---|---|---|---|---|---|---|
| 1 | 32/23 പുതുക്കരി പാടശേഖരത്തിന്റെ വടക്കേ നാട്ട് തോട് ആഴം കൂട്ടൽ | ബേബിച്ചൻ 220129 | 30.3.22 6മാസം | 29.9.22 | 28.10.22 | 4ആഴ്ച | 220129x 0.4% =881 | 881/- | 22200 663/ 10.1.23 |
| 2 | 27/23 (61/22) മംഗലശ്ശേരി ചിറനടവഴി കോൺക്രീറ്റിംഗ് | ജോജി ജോസഫ് 499987 | 8.12.21 8മാസം | 7.8.22 | 13.12.22 | 18ആഴ്ച | 499987 X1.8% = 9000 | 9000 | 3/23.1.23 |
| 3 | 25/23 തോണിക്കടവ് മുതൽ താഴാങ്കരി പാലം വരെ റോഡ് കോൺക്രീറ്റിംഗ് | അനിരുദ്ധൻ പി.എസ് 308424 | 28.9.21 6 മാസം | 27.3.22 | 7.11.22 | 32ആഴ്ച | 308424x 3.2%= 9870 | 9870 | 1/14.12.22 |
| | ആകെ | | | | | | | 19751 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/09.10.23) മറുപടി ലഭ്യമാക്കിയില്ല. കാലതാമസത്തിന് പി.ഡബ്ല്യൂ.ഡി മാനവൽ പ്രകാരമുള്ള കോമ്പൻസേഷൻ ഈടാക്കാതിരുന്നതുമൂലം ഉണ്ടായ അധികചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

1-29 പാണ്ടിപ്പറമ്പ് മുതൽ മാങ്ങായിൽ വരെ റോഡ് മെയിന്റനൻസ്-അപാകതകൾ

പ്രോജക്ട് നമ്പർ -132/23, നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - 250000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)

കരാറുകാരൻ- ശ്രീനാഥ്. പി.വി, പി.എ.സി- 210125

ചെലവ് 247948/- ബിൽ 11/28.2.23

പാണ്ടിപ്പറമ്പ് മുതൽ മാങ്ങായിൽ വരെ റോഡ് മെയിന്റനൻസ് - എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഇ-എം ബുക്ക് ഒന്നാമിനമായി എർത്തേൺ സബ്ഗ്രേഡ്/എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ (യൂസിംഗ് മെറ്റീരിയൽ ഒബ്റ്റെയ്ൻഡ് ഫ്രെം ബോറോപിറ്റ്സ്) ഡിപ്പ് ഫില്ലിംഗ് 10.074$m^3$ഉം റോഡ് വേ 86.475$m^3$ഉം ഉൾപ്പെടെ ആകെ 96.549$m^3$ എർത്ത് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ഇതിൽ നിന്നും 10% കൺസോളിഡേഷനായി 9.6549$m^3$ കുറവ് ചെയ്ത് 86.88$m^3$ മണ്ണിന് മാത്രമണ് മൂല്യ നിർണ്ണയം നടത്തേണ്ടിയിരുന്നത്. എന്നാൽ ഇതിന് പകരം കൺസോളിഡേഷൻ ഇനത്തിൽ തെറ്റായി 8.7$m^3$ മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. ഫൈനൽ ബിൽ നൽകിയപ്പോൾ എർത്ത് ഫില്ലിംഗ് അളവ് 87.5$m^3$ ൽ പരിമിതപ്പെടുത്തിയാണ് തുക നൽകിയിട്ടുള്ളത്. അനുവദനീയമായ അളവിനേക്കാൾ അധികമായി (87.5m3-86.88$m^3$), 0.62$m^3$ മണ്ണിന് 1200/$m^3$ നിരക്കിൽ 744/-രൂപയും 18% ജി.എസ്.ടി ഉൾപ്പെടെ ആകെ 878/-രൂപ അധികം നൽകിയിട്ടുള്ളതായി കാണുന്നു. കൂടാതെ ഈ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം ഫൈൻ ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ ഈയിനത്തിലുണ്ടായ നഷ്ടം (210125x 0.2%), 420/- രൂപയും ഉൾപ്പെടെ ആകെ അധികം ചെലവായ 1298/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (20/10.10.23) മറുപടി ലഭ്യമാക്കിയില്ല.

### 1-30 കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയതായി കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ്‌വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2 ലക്ഷം കൂടിയത് 5 ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷുറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം ഇൻഷുറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവൃത്തി | പ്രോജക്ട് നമ്പർ- | കരാറുകാരന്റെ പേര് | പി.എ.സി | 0.2% നിരക്കിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | അങ്കണവാടി കെട്ടിടങ്ങളുടെ മേൽക്കൂര മാറ്റൽ രണ്ടാം ഘട്ടം | 35/23 (157/22) | ജോജി ജോസഫ് | 699951 | 1340 |
| 2 | വേഴപ്ര ഗവ. എൽ.പി.എസ്. പുനരുദ്ധാരണം | 99/23 | ജോജി ജോസഫ് | 250000 | 500 |
| 3 | രാമങ്കരി ഗവ. എൽ.പി.എസ്. പുനരുദ്ധാരണം | 98/23 | ജോജി ജോസഫ് | 199254 | 399 |

| | | | | | |
|---|---|---|---|---|---|
| 4 | റോഡ് മെയിന്റനൻസ് പുലിശ്ശേരി വായനശാല | 145/23 | കെ.കെ.വർക്കി | 371134 | 742 |
| 5 | റോഡ് മെയിന്റനൻസ് പടിപ്പറമ്പ് വാലത്ത് വരെ | 130/23 | കെ.കെ.വർക്കി | 211523 | 423 |
| 6 | അങ്കണവാടി മെയിന്റനൻസ് | 96/23 | ജോജി ജോസഫ് | 83903 | 168 |
| 7 | കരീച്ചിറ ഓമനയുടെ വസതി മുതൽ നടവഴി പുനരുദ്ധാരണം | 146/23 | ജോജി ജോസഫ് | 189477 | 379 |
| 8 | വേഴപ്ര വായനശാല മുതൽ കിഴക്കോട്ട് റോഡ് പുനരുദ്ധാരണം | 142/23 | ശ്രീനാഥ്. പി.വി | 164779 | 330 |
| 9 | പള്ളിപ്പാലം മുതൽ കവലയ്ക്കൽ വരെ റോഡ് പുനരുദ്ധാരണം | 173/23 | ശ്യാംലാൽ | 211667 | 423 |
| 10 | അരിക്കോടിചിറ പാലം-ചക്കളത്ത് മുട്ട് വരെ റോഡ് പുനരുദ്ധാരണം | 136/23 | കെ.എക്സ്.വർക്കി | 211471 | 423 |
| 11 | മുട്ടക്കളം മുതൽ കോട്ടക്കൽ വരെ റോഡ് പുനരുദ്ധാരണം | 118/23 | സാലിച്ചൻ.എം.എ | 205000 | 410 |
| 12 | എ.സി റോഡ് മുതൽ കോ-ഓപ്പറേറ്റീവ് ബാങ്ക് വരെ റോഡ് പുനരുദ്ധാരണം | 135/23 | കെ.കെ.വർക്കി | 304212 | 608 |
| | ആകെ | | | | 6145 |

ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (16/09.10.23) മറുപടി ലഭ്യമാക്കിയില്ല. കരാർ പ്രവൃത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്ന കരാറുകാരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കാതിരുന്നതുമൂലമുണ്ടായ നഷ്ടം 6145/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും, റിട്ടേണുകളും പരിശോധിച്ചതിൽ ജീവനക്കാരുടെ തൊഴിൽ നികുതി കണക്കാക്കി ഈടാക്കിയപ്പോൾ കുറവ് വന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരുടെ പേര് | അർദ്ധ വർഷം | തസ്തിക | അർദ്ധ വാർഷിക വരുമാനം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| ജി.എൽ.പി. എസ്,വേഴപ്ര | ശ്രീമതി.സുമ | 2 | പി റ്റി സി എം | 83460 | 750 | 600 | 150 |

കൂടാതെ മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനത്തിന്റെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/6.10.2023) നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ സൂചിപ്പിച്ച വിധം സ്ഥാപന തൊഴിൽ നികുതി 2500/- രൂപയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 150/- രൂപയും ഉൾപ്പെടെ ആകെ 2650/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാണ്ടിപ്പറമ്പ് മുതൽ മാങ്ങായിൽ വരെ റോഡ് മെയിന്റനൻസ്- അപാകതകൾ

പ്രോജക്റ്റ് നമ്പർ -132/23, നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - 250000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)

കരാറുകാരൻ- ശ്രീനാഥ്. പി.വി, പി.എ.സി- 210125

ചെലവ് 247948/- ബിൽ 11/28.2.23

പാണ്ടിപ്പറമ്പ് മുതൽ മാങ്ങായിൽ വരെ റോഡ് മെയിന്റനൻസ്- എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഇ-എം ബുക്ക് ഒന്നാമിനമായി എർത്തേൺ സബ്ഗ്രേഡ്/എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ (യൂസിംഗ് മെറ്റീരിയൽ ഒബ്റ്റെയ്ൻഡ് ഫ്രെം ബോറോപിറ്റ്സ്) ഡിപ്പ് ഫില്ലിംഗ് 10.074$m^3$ഉം റോഡ് വേ 86.475$m^3$ഉം ഉൾപ്പെടെ ആകെ 96.549$m^3$ എർത്ത് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ഇതിൽ നിന്നും 10% കൺസോളിഡേഷനായി 9.6549$m^3$ കുറവ് ചെയ്ത് 86.88$m^3$ മണ്ണിന് മാത്രമണ് മൂല്യ നിർണ്ണയം നടത്തേണ്ടിയിരുന്നത്. എന്നാൽ ഇതിന് പകരം കൺസോളിഡേഷൻ ഇനത്തിൽ തെറ്റായി 8.7$m^3$ മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. ഫൈനൽ ബിൽ നൽകിയപ്പോൾ എർത്ത് ഫില്ലിംഗ് അളവ് 87.5$m^3$ ൽ പരിമിതപ്പെടുത്തിയാണ് തുക നൽകിയിട്ടുള്ളത്. അനുവദനീയമായ അളവിനേക്കാൾ അധികമായി (87.5m3-86.88$m^3$), 0.62$m^3$ മണ്ണിന് 1200/$m^3$ നിരക്കിൽ 744/-രൂപയും 18% ജി.എസ്.ടി ഉൾപ്പെടെ ആകെ 878/-രൂപ അധികം നൽകിയിട്ടുള്ളതായി കാണുന്നു. കൂടാതെ ഈ പ്രവൃത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം ഫൈൻ ഈടാക്കിയതായി കാണുന്നില്ല. ആയതിനാൽ ഈയിനത്തിലുണ്ടായ നഷ്ടം (210125 X 0.2%), 420/- രൂപയും ഉൾപ്പെട ആകെ അധികം ചെലവായ 1298/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (20/10.10.23) മറുപടി ലഭ്യമാക്കിയില്ല.

### 3-2 കരാർ പ്രവൃത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവയ്ക്ക് കരാർ തുകയുടെ 0.2% തുക ഈടാക്കിയതായി കാണുന്നില്ല. പ്രൈസ് 3 സോഫ്റ്റ്‌വെയർ പ്രകാരം വെച്ചിട്ടുള്ള എഗ്രിമെന്റിലെ വ്യവസ്ഥ 12 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2 ലക്ഷം കൂടിയത് 5 ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷ്വറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരം ഇൻഷ്വറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവൃത്തി | പ്രോജക്ട് നമ്പർ- | കരാറുകാരന്റെ പേര് | കരാർ തുക (പി.എ.സി) | 0.2% നിരക്കിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | അംഗനവാടി കെട്ടിടങ്ങളുടെ മേൽക്കൂര മാറ്റൽ രണ്ടാം ഘട്ടം | 35/23 (157/22) | ജോജി ജോസഫ് | 699951 | 1340 |
| 2 | വേഴപ്ര ഗവ. എൽ.പി.എസ് പുനരുദ്ധാരണം | 99/23 | ജോജി ജോസഫ് | 250000 | 500 |
| 3 | രാമങ്കരി ഗവ. എൽ.പി.എസ് പുനരുദ്ധാരണം | 98/23 | ജോജി ജോസഫ് | 199254 | 399 |
| 4 | റോഡ് മെയിന്റനൻസ് പുലിശ്ശേരി | 145/23 | കെ.കെ.വർക്കി | 371134 | 742 |

| | | | | | |
|---|---|---|---|---|---|
| | വായനശാല | | | | |
| 5 | റോഡ് മെയിൻ്റനൻസ് പടിപ്പറമ്പ് വാലത്ത് വരെ | 130/23 | കെ.കെ.വർക്കി | 211523 | 423 |
| 6 | അങ്കണവാടി മെയിൻ്റനൻസ് | 96/23 | ജോജി ജോസഫ് | 83903 | 168 |
| 7 | കരീച്ചിറ ഓമനയുടെ വസതി മുതൽ നടവഴി പുനരുദ്ധാരണം | 146/23 | ജോജി ജോസഫ് | 189477 | 379 |
| 8 | വേഴപ്ര വായനശാല മുതൽ കിഴക്കോട്ട് റോഡ് പുനരുദ്ധാരണം | 142/23 | ശ്രീനാഥ്. പി.വി | 164779 | 330 |
| 9 | പള്ളിപ്പാലം മുതൽ കവലയ്ക്കൽ വരെ റോഡ് പുനരുദ്ധാരണം | 173/23 | ശ്യാംലാൽ | 211667 | 423 |
| 10 | അരിക്കോടിചിറ പാലം-ചക്കളത്ത് മുട്ട് വരെ റോഡ് പുനരുദ്ധാരണം | 136/23 | കെ.എക്സ്.വർക്കി | 211471 | 423 |
| 11 | മുട്ടക്കുളം മുതൽ കോട്ടക്കൽ വരെ റോഡ് പുനരുദ്ധാരണം | 118/23 | സാലിച്ചൻ എം.എ | 205000 | 410 |
| 12 | എ.സി റോഡ് മുതൽ കോ-ഓപ്പറേറ്റീവ് ബാങ്ക് വരെ റോഡ് പുനരുദ്ധാരണം | 135/23 | കെ.കെ.വർക്കി | 304212 | 608 |
| | ആകെ | | | | 6145 |

ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (16/09.10.23) മറുപടി ലഭ്യമാക്കിയില്ല. കരാർ പ്രവൃത്തിക്ക് ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്ന കരാറുകാരിൽ നിന്നും കരാർ തുകയുടെ 0.2% ഫൈൻ ഈടാക്കാതിരുന്നതുമൂലമുണ്ടായ നഷ്ടം 6145/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

3-3 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കോമ്പൻസേഷൻ

ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ, കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിരുന്നില്ല. കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ, 2012 ലെ പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2116-1 ൽ അനുശാസിക്കുന്ന വിധം കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% നിരക്കിൽ ലിക്വിഡിറ്റി ഡാമേജ് (കോമ്പൻസേഷൻ) ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം കോമ്പൻസേഷൻ കുറവു ചെയ്യാതെയാണ് ഫൈനൽ ബിൽ തുക നൽകിയത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ച് നൽകുകയോ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കരാറുകാരൻ/ പി.എ.സി | എഗ്രിമെന്റ് തീയതി കാലയളവ് | എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട തിയതി | പൂർത്തിയാക്കിയ തിയതി | കാലതാമസം | ഈടാക്കേണ്ട ഫൈൻ (@0.1%/ ആഴ്ച) | അധികം നൽകിയ തുക | ബിൽ/ വൗച്ചർ നമ്പർ |
|---|---|---|---|---|---|---|---|---|---|
| 1 | 32/23 പുതുക്കരി പാടശേഖരത്തിന്റെ വടക്കേ നാട്ട് തോട് ആഴം കൂട്ടൽ | ബേബിച്ചൻ 220129 | 30.3.22 6 മാസം | 29.9.22 | 28.10.22 | 4 ആഴ്ച | 220129x 0.4% =881 | 881/- | 22200 663/ 10.1.23 |
| 2 | 27/23 (61/22) മംഗലശ്ശേരി ചിറ നടവഴി കോൺക്രീറ്റിംഗ് | ജോജി ജോസഫ് 499987 | 8.12.21 8മാസം | 7.8.22 | 13.12.22 | 18ആഴ്ച | 499987 X1.8% = 9000 | 9000 | 3/23.1.23 |
| 3 | 25/23 തോണിക്കടവ് മുതൽ താഴാങ്കരി പാലം | അനിരുദ്ധൻ പി.എസ് 308424 | 28.9.21 6 മാസം | 27.3.22 | 7.11.22 | 32ആഴ്ച | 308424x 3.2%= 9870 | 9870 | 1/14.12.22 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | വരെ റോഡ് കോൺ ക്രീറ്റിംഗ് | | | | | | | | | |
| | ആകെ | | | | | | | | 19751 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/09.10.23) മറുപടി ലഭ്യമാക്കിയില്ല. കാലതാമസത്തിന് പി.ഡബ്ല്യൂ.ഡി മാനുവൽ പ്രകാരമുള്ള കോമ്പൻസേഷൻ ഈടാക്കാതിരുന്നതു മൂലം ഉണ്ടായ അധികചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് വാങ്ങൽ -കുറഞ്ഞ ടെൻഡർ പരിഗണിച്ചില്ല

പ്രോജക്ട് - തെരുവ് വിളക്ക് പരിപാലനം

നിർവ്വഹണം – സെക്രട്ടറി

അടങ്കൽ - 500000 /- (ധനകാര്യകമ്മീഷൻ അവാർഡ് )

ചെലവ് - 437544/-, ബിൽ നം - 41/22-23 /23.01.23

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ 412 തെരുവ് വിളക്കുകൾ അറ്റകുറ്റപണികൾ നടത്തുന്നതിന് ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ആയത് പ്രകാരം ലഭ്യമായ ടെണ്ടറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഹന്ന ഇലക്ട്രിക്കൽസ് | 1130 |
| ബെസ്റ്റ് ആന്റ് സേഫ് ഇലക്ട്രിക്കൽസ് | 960 |
| യുണൈറ്റഡ് എനർജി സിസ്റ്റം | 1099 |

ലഭ്യമായതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ബെസ്റ്റ് ആന്റ് സേഫ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനെ തെരഞ്ഞെടുക്കുന്നതിന് പകരം യുണൈറ്റഡ് എനർജി സിസ്റ്റം എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത്. ടെണ്ടറുകളും, മാറ്റി സ്ഥാപിക്കേണ്ടതുമായ സാധനങ്ങളുടെ ഗുണനിലവാരവും പ്രൊക്യൂർമെന്റ് കമ്മറ്റി പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് യുണൈറ്റഡ് എനർജി സിസ്റ്റത്തിന്റെ ടെണ്ടർ അംഗികരിച്ചതെന്ന് 26.11.2022 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മറ്റി മിനിട്സിൽ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. താരതമ്യേന കുറഞ്ഞ നിരക്ക് കോട്ട് ചെയ്തതും സ്പെസിഫിക്കേഷൻ പ്രകാരവും ഗവ. ഉത്തരവ് അനുശാസിക്കുന്നതുമായ യുണൈറ്റഡ് എനർജി സിസ്റ്റം എന്ന സ്ഥാപനത്തെ പദ്ധതിനിർവ്വഹണത്തിന് ചുമതലപ്പെടുത്താൻ ജനറൽ കമ്മറ്റിയോട് പ്രൊക്യൂർമെന്റ് കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ കെ.എസ്.ഇ.ബിയിലെ സബ് എഞ്ചിനീയർ പങ്കെടുത്തിട്ടുണ്ട്. എന്നാൽ ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഹാജരാക്കിയ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ടെൻഡറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ലഭ്യമാക്കിയ സാധനങ്ങളുടെ ഗുണനിലവാരം അംഗീകൃത ഏജൻസിയെക്കൊണ്ട് പരിശോധിപ്പിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(5/05.10.2023) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർ ഹാജരാക്കിയ സാധനങ്ങളുടെ ഗുണമേൻമ പരിശോധിച്ചതിൽ യുണൈറ്റഡ് എനർജി സിസ്റ്റംസ് ഹാജരാക്കിയ സാധനങ്ങളാണ് മികച്ച ഗുണമേൻമ ഉള്ളതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനം സമർപ്പിച്ച കരാർ അംഗീകരിക്കുന്നതിന് ജനറൽ കമ്മറ്റിയോട് ശുപാർശ ചെയ്തെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മിനിട്സിൽ ഗുണമേൻമ പരിശോധിച്ചത് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ ടെൻഡർ അംഗീകൃത

ഏജൻസിയെക്കൊണ്ട് പരിശോധിപ്പിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. കുറഞ്ഞ ടെൻഡർ പരിഗണിക്കാതെ പർച്ചേസ് ഓർഡർ നൽകിയതിനാൽ ഉണ്ടായ നഷ്ടം 42024/- രൂപ 26.11.2022 ലെ പഞ്ചായത്ത് കമ്മറ്റി കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 400000 | ലൈഫ് ഭവനപദ്ധതി എസ് സി | 0 | 400000 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 100000 | പാലിയേറ്റീവ് പരിചരണപദ്ധതി | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 200000 | അങ്കണവാടി പോഷകാഹാരപദ്ധതി | 175000 | 25000 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 500000 | ലൈഫ് ഭവനപദ്ധതി ജനറൽ | 491433 | 8567 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 300000 | ലൈഫ് ഭവനപദ്ധതി | 299240 | 760 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 100000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 91965 | 8035 |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 100000 | അഗതിരഹിതകേരളം | 0 | 100000 |
| | | | | | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 725000 | ലൈഫ് ഭവനപദ്ധതി എസ് സി | 0 | 725000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | അങ്കണവാടി പോഷകാഹാരപദ്ധതി | 135000 | 65000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 400000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 0 | 400000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 300000 | ലൈഫ് ഭവനപദ്ധതി എസ് സി | 0 | 300000 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 62335 | 37665 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | അഗതിരഹിതകേരളം | 0 | 200000 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 60/22-23/ 30.03.23 44/22-23/ 13.02.2023 | 93970 | 93970 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| | സബ് ട്രഷറി, മങ്കൊമ്പ് | 26.10.21 | 3 വർഷം | 10,00,000 | 799010501733493З |
| ആകെ | | | | 10,00,000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| | 11 | 82 | അൻസാരി ബാപ്പി | 1220100492/2.08.2022 |
| | | 526 | സെക്രട്ടറി | 1220100493/2.08.2022 |
| 95-96 | 16 | 29 | സെക്രട്ടറി | 1220100494/2.08.2022 |
| 2007-08 | 2-3(a) | 750 | ഡോ.ജോസ് മാത്യു | 1220100323/03.11.2022 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 21501717 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 20342831 |
| വരവിനങ്ങളിലുള്ള നഷ്ടം | 2650 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 69218 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 927082 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 2650 | - | ശ്രീ.ജെനി മോൻ എസ് സെക്രട്ടറി |
| 3-1 | - | 1298 | ശ്രീമതി.ലില്ലിക്കുട്ടി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 6145 | ശ്രീമതി.ലില്ലിക്കുട്ടി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | - | 19751 | ശ്രീമതി.ലില്ലിക്കുട്ടി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | - | 42024 | ശ്രീ.ജെനി മോൻ എസ് ,സെക്രട്ടറി ,26.11.2022 ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത കമ്മറ്റി അംഗങ്ങൾ |
| ആകെ | 2650 | 69218 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 9000 | പ്രസീത.വി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-24 | 530000 | കുഞ്ഞുമോൻ.എ അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 93970 | ശ്രീ.ജെനിമോൻ.എസ് ,സെക്രട്ടറി , |
| 1-27 | 294112 | ഡോ.വിനോദ്,മെഡിക്കൽ ഓഫീസർ |
| ആകെ | 927082 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജെനിമോൻ.എസ് സെക്രട്ടറി | സെക്രട്ടറി, രാമങ്കരി ഗ്രാമ പഞ്ചായത്ത് | സൗപർണ്ണിക, പൂന്തോപ്പ് അവലൂക്കുന്ന് പി.ഒ, ആലപ്പുഴ |
| ശ്രീമതി ലില്ലിക്കുട്ടി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ വെളിയനാട് ബ്ലോക്ക് | പുത്തൻപറമ്പിൽ അഷ്നാഭവൻ തെക്കേക്കര പി.ഒ മങ്കൊമ്പ് |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തലവടി ഗ്രാമ പഞ്ചായത്ത് | ചേന്നക്കൽവെളി വാടക്കൽ പി.ഒ, ആലപ്പുഴ |
| ശ്രീ.കുഞ്ഞുമോൻ.എ അസിസ്റ്റന്റ് സെക്രട്ടറി | ജോയിന്റ് ബി.ഡി.ഒ ചമ്പക്കുളം ബ്ലോക്ക് | മംഗലത്ത് ചിറ കഞ്ഞിപ്പാടം ആലപ്പുഴ |
| ഡോ.വിനോദ് മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി രാമങ്കരി | ശ്രീശങ്കരം കരുനാഗപ്പള്ളി |
| ശ്രീ.ആർ രാജേന്ദ്രകുമാർ | പ്രസിഡന്റ്, രാമങ്കരി ഗ്രാമപഞ്ചായത്ത് | പാലിയത്ത് രാമങ്കരി |
| ശ്രീമതി കുഞ്ഞുമോൾ ശിവദാസ് | വൈസ് പ്രസിഡന്റ്, രാമങ്കരി ഗ്രാമപഞ്ചായത്ത് | കോളനി നമ്പർ 158 വേഴപ്ര |
| ശ്രീ. സജീവ് ഉലുന്തറ | വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, രാമങ്കരി ഗ്രാമപഞ്ചായത്ത് | ഉലുന്തറ ,രാമങ്കരി |
| ശ്രീമതി കെ.റോഷ്ന | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ, രാമങ്കരി ഗ്രാമപഞ്ചായത്ത് | പുത്തൻപറമ്പ് മാമ്പുഴക്കരി |
| ശ്രീ.ബിൻസ് ജോസഫ് | ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, രാമങ്കരി ഗ്രാമപഞ്ചായത്ത് | തെങ്ങനാക്കളം, വേഴപ്ര |

| | | |
|---|---|---|
| ശ്രീമതി സോളി ആന്റണി | മെമ്പർ, രാമങ്കരി ഗ്രാമപഞ്ചായത്ത് | ചിറയിൽ, മണലാടി,രാമങ്കരി |
| ശ്രീ. ആർ രാജുമോൻ | മെമ്പർ, രാമങ്കരി ഗ്രാമപഞ്ചായത്ത് | മാവേലിക്കളം കോളനി, വേഴപ്ര |
| ശ്രീമതി സൂര്യ ജിജിമോൻ | മെമ്പർ, രാമങ്കരി ഗ്രാമപഞ്ചായത്ത് | പുത്തൻപറമ്പിൽ മാമ്പുഴക്കരി |
| ശ്രീമതി രമ്യ സജീവ് | മെമ്പർ, രാമങ്കരി ഗ്രാമപഞ്ചായത്ത് | കോളനി നമ്പർ 105 മാമ്പുഴക്കരി |
| ശ്രീമതി ഷീന റെജപ്പൻ | മെമ്പർ, രാമങ്കരി ഗ്രാമപഞ്ചായത്ത് | കവലയ്ക്കൽ പുതുക്കരി |
| ശ്രീ. ഡെന്നി സേവ്യർ | മെമ്പർ, രാമങ്കരി ഗ്രാമപഞ്ചായത്ത് | ഇരുപത്തിനാലിൽ പുതുക്കരി |
| ശ്രീ.കെ പി അജയഘോഷ് | മെമ്പർ, രാമങ്കരി ഗ്രാമപഞ്ചായത്ത് | ജയവിലാസം ഊരുക്കരി |
| ശ്രീമതി മോൾജി രാജേഷ് | മെമ്പർ, രാമങ്കരി ഗ്രാമപഞ്ചായത്ത് | പാർവ്വതി സദനം വേഴപ്ര |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1994-95, 1995-96 | എൽ.എഫ്.എ.10/937/97/30.05.1999 |
| 1999-00 | കെ.എസ്.എ/എ.എൽ.പി/പി-10-1261/2022 തീയതി. 16.05.2023 |
| 2006-07 | കെ.എസ്.എ/എ.എൽ.പി/പി-10-1261/2022 തീയതി. 16.05.2023 |
| 2010-11 | കെ.എസ്.എ/എ.എൽ.പി/പി-10-1261/2022 തീയതി. 16.05.2023 |
| 2011-12, 2012-13 | കെ.എസ്.എ/എ.എൽ.പി/പി-10-1261/2022 തീയതി. 16.05.2023 |
| 2013-14 | കെ.എസ്.എ/എ.എൽ.പി/പി-10-1261/2022 തീയതി. 16.05.2023 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി-10-1261/2022 തീയതി. |

| | |
|---|---|
| | 16.05.2023 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി-10-1261/2022 തീയതി. 16.05.2023 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി-10-1261/2022 തീയതി. 16.05.2023 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി-10-1261/2022 തീയതി. 16.05.2023 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി-10-1261/2022 തീയതി. 16.05.2023 |
| 2019-20 | കെ.എസ്.എ/എ.എൽ.പി/പി-9-348/2021 തീയതി. 26.04.2021 |
| 2020-21 | കെ.എസ്.എ/എ.എൽ.പി/പി-10-164/2022 തീയതി. 19.03.2022 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 07-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Ramankary Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ramankary Grama Panchayat for the year 2022-2023

Date: 07/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Ramankary Grama Panchayat for the Year 2022-2023 .

**1.Major Observations**

1.Mandatory statements such as Ratios, Notes on accounts prescribed in accounting rules are not incorporated in AFS.

2. Net Increase/Decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

**2.Other Observations**

1. DCB statement of property tax does not match with the same obtained from sanchaya software.
2. Monthly and yearly demand for property tax is not properly entered at the begining of each month and year.
3. Financial help for widows daughters marriage and Pension for Unmarried woman aged above 50 has been recorded under the same head 254200105 Pension for Unmarried woman aged above 50 in AFS.
4. Discrepency exists between bank reconciliation statement of SBI (e payment) own fund account and the closing balance of the same in AFS.
5. Amount deposited with KSEB for deposit work is treated as expenditure without getting utilisation certificate.
6. Closing balance of contractors retension and advance to others in AFS does not match with the same in register.

7. Closing balance of festival advance is not included in AFS.
8. Entries in AFS in AIMS and ILGMS are not matching.

Deputy Director
District Office Alappuzha
Kerala State Audit Department

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്